## ഇടുക്കി ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നടപടിക്രമം

## (ഹാജർ — എച്ച് ദിനേശൻ ഐ.എ.എസ്)

DCIDK/2123/2020-DM1 തീയതി - 04/11/2020

വിഷയം : ദുരന്തനിവാരണം - പൊൻമുടി ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

സൂചന : 1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ, പാംബ്ലയുടെ 04/11/2019 ലെ RDSD4/DB-29/Sh -OP/2020-21/485 നമ്പർ കത്ത്.

2) 2020 ലെ ഓറഞ്ച് ബുക്ക്.

പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ പൊൻമുടി ജലസംഭരണിയിലെ പൂർണ്ണ സംഭരണ ജലവിതാനം (FRL) 707.75 മീറ്ററും, ഇപ്പോഴത്തെ ജലനിരപ്പ് 706.50 മീറ്ററും ആണെന്നും, പൊൻമുടി ജലസംഭരണിയുടെ വൃഷ്ടി പ്രദേശങ്ങളിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ നിലവിലെ ജലനിരപ്പ് പ്രകാരം പ്രസ്തുത ജലസംഭരണിയിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ചിട്ടുള്ളതായും, ടി ജലസംഭരണിയിലെ ജലവിതാനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 05.11.2020 രാവിലെ 06.00 മണി മുതൽ പൊൻമുടി ഡാമിന്റെ രണ്ട് ഷട്ടറുകൾ ഘട്ടം ഘട്ടമായി 30 സെ.മീ വീതം തുറന്ന് 45 ക്യുമെക്സ് വരെ വെള്ളം പന്നിയാർ പുഴയിലേക്ക് ഒഴുക്കിവിടാനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഇതുമൂലം പന്നിയാർ പുഴയിൽ 20 സെ.മീ വരെ ജലനിരപ്പ് ഉയരുന്നതിന് സാദ്ധ്യതയുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂചന (1) അപേക്ഷ, 2020 ലെ ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച്, **05/11/2020 തീയതി രാവിലെ 06.00 മണി** മുതൽ പൊൻമുടി ഡാമിന്റെ രണ്ട് ഷട്ടറുകൾ 30 സെന്റീ മീറ്റർ വീതം ഉയർത്തി 45 ക്യുമെക്സ് വരെ ജലം ഘട്ടം ഘട്ടമായി പുറത്തു വിടുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാംസേഫ്റ്റി ഡിവിഷൻ, പാംബ്ലക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ടി ജലം പുറത്തേക്ക് ഒഴുക്കുന്നതിന് മുൻപായി പന്നിയാറിന്റെയും, മുതിരപ്പുഴയാറിന്റെയും, പെരിയാറിന്റെയും തീരത്തുള്ളവർക്ക് **അതീവ ജാഗ്രതാ നിർദ്ദേശം നൽകുന്നു.** ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി

സ്വീകർത്താവ്,

എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി ഡാം സേഫ്റ്റി ഡിവിഷൻ, പാംബ്ല.

പകർപ്പ്--

1. മെമ്പർ സെക്രട്ടറി, KSDMA, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. ജില്ലാ പോലീസ് മേധാവി, ഇടുക്കി.
4. ജില്ലാ മെഡിക്കൽ ഓഫീസർസ (ആ), ഇടുക്കി.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി/ദേവികുളം.
6. ജില്ലാ ഫയർ ഓഫീസർ, ഫയർ & റെസ്ക്യൂ, ഇടുക്കി
7. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി - (പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിന്)
8. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ
9. തഹസിൽദാർ, ഇടുക്കി/ ദേവികുളം/ ഉടുമ്പൻചോല
10. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡി.ഡി.പി മുഖേന)
11. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)
12. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
13. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്